ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ)

(എ) വനിതാബാങ്കുകൾ താഴെപ്പറയുന്ന ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, ആലപ്പുഴ, പത്തനംതിട്ട, കാസർഗോഡ് രജിസ്റ്റർ ചെയ്തിട്ടുള്ള വനിതാ ബാങ്കിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല.

(ബി) താഴെ പറയുന്ന വായ്പകൾ നൽകിവരുന്നു.

മത്സ്യക്കച്ചവട വായ്പ
പിക്കപ്പ് വാൻ വായ്പ
ഫിഷ്സ്റ്റാൾ വായ്പ
മത്സ്യബന്ധനോപകരണ വായ്പ
ആട്ടോകാരിയർ വായ്പ
മത്സ്യം ഉണക്കി വിൽപനയ്ക്കുള്ള വായ്പ
വല നിർമ്മാണത്തിനുള്ള വായ്പ
തഴപ്പായ് നെയ്യുന്നതിനുവേണ്ടിയുള്ള വായ്പ.

(സി) ഇല്ല.

(ഡി) ബാധകമല്ല

(ഇ) ഇപ്പോൾ ഉദ്ദേശമില്ല.

(എഫ്) ബാധകമല്ല.

10 (*240) വ്യാവസായിക-കാർഷിക-ബീഡി തൊഴിലാളികൾക്ക് മെച്ചപ്പെട്ട ക്ഷാമബത്ത

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക-കാർഷിക-ബീഡി തൊഴിലാളികൾക്ക് മെച്ചപ്പെട്ട ക്ഷാമബത്ത ലഭ്യമാക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലാളികൾക്ക് മെച്ചപ്പെട്ട ക്ഷാമബത്ത ലഭ്യമാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് ഇപ്പോൾ നൽകിവരുന്ന ക്ഷാമബത്ത ഏത് വർഷത്തെ കുടുംബ ബഡ്ജറ്റ് സർവ്വേയുടെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് നടന്നുവരുന്ന കുടുംബ ബഡ്ജറ്റ് സർവ്വേ നടപടി ത്വരിതപ്പെടുത്തി വ്യാവസായിക-കാർഷിക-ബീഡി-തൊഴിലാളികൾക്ക് ക്ഷാമബത്ത പരിഷ്കരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

(ഇ) സംസ്ഥാനത്ത് കുടുംബ ബഡ്ജറ്റ് സർവ്വേ നടന്നുവരുന്നുണ്ടോ; എങ്കിൽ ഏത് വർഷത്തെ സർവ്വേ എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) :

(എ),(ബി),(സി)&(ഡി) തൊഴിലാളികൾക്ക് നിയമാനുസരണം നിശ്ചയിക്കപ്പെട്ട ക്ഷാമബത്ത ലഭിക്കുന്നുണ്ട്. കേരളത്തിൽ ഇപ്പോൾ ഉപ ഭോക്തൃ വിലസൂചികയുടെ അടിസ്ഥാന വർഷം 1970 ആധാരമാക്കിയാണ് നിലവിൽ ക്ഷാമബത്ത കണക്കാക്കി വരുന്നത്. ക്ഷാമബത്ത കൂടുതൽ ഒച്ച പ്പെടുത്തുന്നതിനായി 1981-ൽ ജി.ഒ.(എം.എസ്) 17/81/തൊഴിൽ തീയതി 3.2.1981 ഉത്തരവ് പ്രകാരം ഫാമിലി ബഡ്ജറ്റ് സർവ്വേ നടത്തുന്നതിന് ഒരു കമ്മിറ്റിയെ നിയമിച്ചു എങ്കിലും ലിങ്കിംഗ് ഫാക്ടറിനെ സംബന്ധിച്ചുണ്ടായ വിമർശന ത്താൽ ഇത് നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തുന്നതിനായി ജി.ഒ. (എം.എസ്. 65/97/തൊഴിൽ, തീയതി 3.7.1997 പ്രകാരം പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഫാമിലി ബഡ്ജറ്റ് സർവ്വേ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നട ത്തിക്കൊണ്ടിരിക്കുകയുമാണ്.

(ഇ) സർവ്വേയുടെ കാലാവധി 1998 നവംബർ മുതൽ 1999 ഒക്ടോ ബർ വരെയാണ്. സർവ്വേ പൂർത്തിയാക്കിയതിനുശേഷം 6 മാസത്തിനുള്ളിൽ റിപ്പോർട്ടു സമർപ്പിക്കുവാൻ 'കമ്മിറ്റി ഓഫ് ഡയറക്ഷൻ' എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടി സ്ഥാനത്തിൽ ക്ഷാമബത്ത പുതുക്കി നിശ്ചയിക്കുന്നതാണ്.

11 (*241) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. എം. മുരളി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൂന്നുലക്ഷത്തോളം വരുന്ന സ്വകാര്യ ആശു പത്രി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾക്ക് ഇതേവരെ നിയമ സംരക്ഷണമില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1990-ൽ പുതുക്കിയ ഈ വിഭാഗം ജീവനക്കാരുടെ മിനിമം വേജസ് വ്യവസ്ഥകൾ അഞ്ചുവർഷത്തിനുശേഷം പുതുക്കണമെന്ന വ്യവസ്ഥ സർക്കാർ പാലിച്ചിട്ടുണ്ടോ;

(സി) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേജസ് അടിയ ന്തിരമായി പുതുക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) :

(എ) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ സേവന-വേതന വ്യവ സ്ഥകൾ, 1960-ലെ ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1948-ലെ മിനിമം വേജസ് ആക്ട് എന്നിവയ്ക്ക് വിധേയമാണ്.

എന്നാൽ ജി.ഒ.(പി)49/98/തൊഴിൽ തീയതി, 7-8-1998 ഉത്തരവ് പ്രകാരം സ്വകാര്യ ആശുപത്രികളെ ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലി ഷ്മെന്റ് ആക്ടിന്റെ പരിധിയിൽനിന്നും രണ്ടുവർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടു

LIBRARY ARCHIVES Kerala Legislative Assembly